**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മീനങ്ങാടി ഗ്രാമപഞ്ചായത്ത് കാർബൺ ന്യൂട്രൽ ഗ്രാമപഞ്ചായത്താക്കി മാറ്റുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന 'മീനങ്ങാടി കാർഷിക സഹകരണ സൊസൈറ്റിക്ക് വൃക്ഷ തൈകൾ നടുന്നതിന് സഹായം' എന്ന പദ്ധതിക്ക് **2018-2019** വർഷത്തെ പ്ലാൻ പദ്ധതിയിൽ നിന്നും **10** കോടി രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1788/2018/തസ്വഭവ തിരുവനന്തപുരം, തീയതി 30.06.2018

പരാമർശം:- 1) 31.03.2018 ലെ സ.ഉ.(സാധാ) നം.916/2018/തസ്വഭവ നമ്പർ ഉത്തരവ്

2) പഞ്ചായത്ത് ഡയറക്ടറുടെ 21.04.2018 ലെ J5- 32483/16 നമ്പർ കത്ത്

3) 14.06.2018 ലെ G.O(Rt)No. 5033/18/Fin നമ്പർ ഉത്തരവ്

**ഉത്തരവ്**

മീനങ്ങാടി ഗ്രാമപഞ്ചായത്ത് കാർബൺ ന്യൂട്രൽ ഗ്രാമപഞ്ചായത്താക്കി മാറ്റുന്നതിന്റെ ഭാഗമായി 'മീനങ്ങാടി കാർഷിക സഹകരണ സൊസൈറ്റിക്ക് വൃക്ഷ തൈകൾ നടുന്നതിന് സഹായം' എന്ന പദ്ധതിക്ക് 10 കോടി രൂപയുടെ ഭരണാനുമതി നൽകിയും പദ്ധതിയ്ക്ക് 2017-2018 വർഷത്തെ 2515-00-101-55(P) എന്ന കണക്ക് ശീർഷകത്തിൽ വകയിരുത്തിയിരുന്ന 10 കോടി രൂപ മീനങ്ങാടി കാർഷിക സഹകരണ സൊസൈറ്റിയിൽ ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിക്കുന്നതിന് മീനങ്ങാടി ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകിയും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തുക 2017-18 വർഷം റിലീസ് ചെയ്തു നൽകുന്നതിന് കഴിയാതെ വന്നതിനാലും 2018-2019 വർഷം 2515-00-101-55 എന്ന ശീർഷകത്തിൽ പ്രസ്തുത പദ്ധതിക്കായി തുക വകയിരുത്തിയിട്ടില്ലാത്തതിനാലും 2018-2019 വർഷം തുക മാറി നൽകുന്നതിനായി 2515-00-101-55 എന്ന ശീർഷകത്തിൽ 10 കോടി രൂപയുടെ അധിക ധനവിനിയോഗാനുമതി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം എന്ന് പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(3) പ്രകാരം 2515-00-101-55 എന്ന ശീർഷകത്തിൽ മീനങ്ങാടി ഗ്രാമപഞ്ചായത്ത് കാർബൺ ന്യൂട്രൽ ഗ്രാമപഞ്ചായത്താക്കി മാറ്റുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന 'മീനങ്ങാടി കാർഷിക സഹകരണ സൊസൈറ്റിക്ക് വൃക്ഷ തൈകൾ നടുന്നതിന് സഹായം' എന്ന പദ്ധതിക്കായി 10 കോടി രൂപ അഡിഷണൽ ഓതറൈസേഷൻ ആയി അനുവദിച്ചിട്ടുണ്ട്. ടി തുക മീനങ്ങാടി കാർഷിക സഹകരണ സൊസൈറ്റിയിൽ ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിക്കുന്നതിന് മീനങ്ങാടി ഗ്രാമപഞ്ചായത്തിന് റിലീസ് ചെയ്തു നല്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. അഡിഷണൽ ഓതറൈസേഷൻ ആയി അനുവദിച്ച തുക ക്രമീകരിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ ഈ സാമ്പത്തിക വർഷത്തിനുള്ളിൽ തന്നെ പഞ്ചായത്ത് ഡയറക്ടർ സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സിന്ധു.എൽ**

**ഗവ. സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ

പ്രസിഡന്റ്/ സെക്രട്ടറി, മീനങ്ങാടി ഗ്രാമപഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

ധനകാര്യ (ഡവലപ്മെന്റ് വിങ്) വകുപ്പ് (16.06.18-ലെ U.O.Note No.Dev-2/43/2018-Fin (E-764722))

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ